തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കെതിരായ ശിക്ഷാനടപടി

103 [878] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 2004 നവംബറിൽ സർവ്വീസിൽ നിന്നും പിരിഞ്ഞ കെ. വി. പ്രേമൻ സർവ്വീസിലിരുന്ന കാലത്ത് എത്ര പ്രാവശ്യം ശിക്ഷാനടപടികൾക്ക് വിധേയനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എവിടെയെല്ലാം വെച്ച് ഏതൊക്കെ കുറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടികൾക്കു വിധേയനായിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഇപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. കാസർഗോഡ് ജില്ലാ സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നീ തസ്തികകളിൽ ജോലി ചെയ്യുമ്പോൾ ഉണ്ടായ ആരോപണങ്ങളിൽ ചാർജ്ജ് മെമ്മോ കൊടുത്തിട്ടുണ്ട്. കാസർഗോഡ് ജില്ലാ സംയോജിത തരിശുഭൂമി വികസന പ്രോജക്ട് ലീഡറായിരിക്കെ കണ്ടെത്തിയ ആരോപണത്തിൽ അന്വേഷണം നടത്തിവരുന്നു.

ത്രിതല പഞ്ചായത്ത് സാരഥികൾക്ക് ടെലഫോൺ

104 [879] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് ഭരണ സാരഥികൾക്ക് അവരവരുടെ വീടുകളിലേക്ക് ടെലഫോൺ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ ഭരണ സാരഥികൾക്ക് മൊബൈൽ ഫോൺ നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കൊക്കെയാണ് മൊബൈൽ ഫോൺ നൽകിയത് ;

(ഡി) ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് മൊബൈൽ ഫോൺ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly